**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 192** — **23-01-2025 - ൽ മറുപടിയ്ക്ക്**

**മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് ലിസ്റ്റിൽ ഉൾപ്പെട്ടെങ്കിലും കോഴിക്കോട് ജില്ലയിലെ മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 13.61 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിന് നൽകുകയും തുടർന്ന് നബാർഡ് ലഭ്യമാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ വിശദമായ രൂപരേഖ ബന്ധപ്പെട്ട പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ സംസ്ഥാനത്തിന് ലഭ്യമായ അലോക്കേഷൻ പരിധി അധികരിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനായി കൂടുതൽ അലോക്കേഷൻ ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ പരിഗണിക്കുകയുള്ളൂ എന്നതിനാൽ നബാർഡ് നിലവിൽ ഈ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ